# വചന വിചിന്തനം

## ഏഴാം ഞായർ

### ലൂക്കാ 13,22-50

**"സുഖസൗകര്യങ്ങളുടെ വിശാലതകൾ വെടിഞ്ഞ് കഷ്ടപ്പാടിന്റെ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവർക്കാണ് ദൈവരാജ്യം!"**

നമ്മുടെയൊക്കെ വിചാരം 'എല്ലാവരെയും നന്നാക്കിയതിനു ശേഷം നന്നാവാം' എന്നാണ്. അല്ലാതെ 'ഞാൻ നന്നായതിനു ശേഷം ആ മാതൃക കാണിച്ച് എല്ലാവരെയും നന്മയുടെ പാതയിലേയ്ക്ക് കൊണ്ടു വരാം' എന്നല്ല. ഇങ്ങനെയാണ് നമ്മുടെ ചിന്തയെങ്കിൽ ഈ വചനഭാഗം, ലൂക്കാ 13,22-30, നമ്മളെ കുറിച്ചാണ്.

ഇവിടെ ചോദിക്കുന്ന ചോദ്യം അസ്ഥാനത്താണ്, ഒട്ടും പ്രസക്തവുമല്ല. ഇവിടെ ചോദിക്കുന്ന ചോദ്യം,

"രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?"

ചോദിക്കേണ്ട ചോദ്യം അല്ലായിരുന്നു ചോദ്യകർത്താവ് ചോദിച്ചത്. ഇവിടെ ഉന്നയിക്കേണ്ടിയിരുന്നത്,

"രക്ഷ പ്രാപിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?" എന്നാണ്. ചോദ്യം തലതിരിഞ്ഞതുകൊണ്ടാകാം തലതിരിഞ്ഞ ഉത്തരവും ക്രിസ്തുവിൽ നിന്ന് വന്നത്. അതായത്, 'രക്ഷപ്രാപിക്കുന്നവരുടെ എണ്ണം' പറയാതെ 'രക്ഷ പ്രാപിക്കാനുള്ള മാർഗ്ഗം' മാത്രം ക്രിസ്തു പറഞ്ഞത്.

വരികൾക്കിടയിലൂടെ വായിക്കുകയാണെങ്കിൽ രണ്ട് കാര്യങ്ങൾ വ്യക്തമാകും,

ഒന്ന്, നാം വ്യഗ്രതപ്പെടേണ്ടത് മറ്റുള്ളവരുടെ രക്ഷയെ പ്രതിയല്ല, മറിച്ച്, നമ്മുടെ സ്വന്തം രക്ഷയെ പ്രതിയാണ്.

രണ്ട്, രക്ഷ സ്വപ്നം കാണുന്നുണ്ടെങ്കിൽ നാം സഞ്ചരിക്കേണ്ടത് ഇടുങ്ങിയ വാതിലിലൂടെയാണെന്ന്.

യഹൂദർക്കു മാത്രം രക്ഷ എന്ന ഇടുങ്ങിയ യഹൂദ ചിന്താഗതിയുടെ കടയ്ക്കൽ കോടാലി വയ്ക്കുകയാണ് ക്രിസ്തു ഇവിടെ. രക്ഷ എന്നത് ഏതെങ്കിലും വ്യക്തിക്കോ, സമൂഹത്തിനോ, വർഗ്ഗത്തിനോ, രാഷ്ട്രത്തിനോ മാത്രം സ്വന്തമായ ഒന്നല്ലെന്നും മറിച്ച്, രക്ഷ വ്യക്തി നിഷ്ഠമാണെന്നും ക്രിസ്തു പറഞ്ഞു വയ്ക്കുന്നു. മാനുഷികമായി രക്ഷയെ അളക്കുന്നത് ശുദ്ധ മണ്ടത്തരമാണെന്നും മാനുഷികമായ ഭാഷയിൽ രക്ഷയെ അളക്കുവാൻ സാധിക്കുകയില്ലെന്നും ക്രിസ്തു അസന്നിഗ്ദമായി പഠിപ്പിക്കുന്നു ഇവിടെ.

അതുകൊണ്ട് തന്നെ ക്രിസ്തുവിന് രക്ഷയെ കുറിച്ച് പറയുവാനുള്ളത്, രക്ഷ നിത്യ സത്യമാണ്, അത് സാർവ്വർത്രികമാണ്. രക്ഷ നിത്യ സത്യവും സാർവ്വർത്രികവുമായി മാറുന്നത് അത് ദൈവത്തിൽ നിന്ന് വരുന്നതുകൊണ്ടാണ്. ദൈവം മഴയും വെയിലും സമ്മാനിക്കുന്നത് ദുഷ്ടനെയും ശിഷ്ടനെയും നോക്കിയിട്ടല്ല. അതു പോലെ തന്നെയാണ് ദൈവത്തിന്റെ രക്ഷയും. എല്ലാവരും രക്ഷ പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനുള്ള മാർഗ്ഗവും ദൈവം തുറന്നു തന്നിരിക്കുന്നു. അത് ഇടുങ്ങിയ വാതിലാണ്....

ഇടുങ്ങിയ വാതിൽ സഹനങ്ങളുടെയും, കഷ്ടതകളുടെയും, നൊമ്പരങ്ങളുടെയും, പ്രയാസങ്ങളുടെയും, ഒറ്റപ്പെടലിന്റെയും, തകർച്ചകളുടെയും, രോഗങ്ങളുടെയും വീഥികളാണ്. കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ നടന്ന് നീ നിന്റെ ലക്ഷ്യം കരകതമാക്കുമ്പോൾ ആ രക്ഷയ്ക്ക് തേനിനേക്കാൾ മാധുര്യമുണ്ടെന്ന് ക്രിസ്തു

*"ക്രിസ്തുവിനെ ജനത്തിലേയ്ക്ക് കൊണ്ടു വരികയല്ല വേണ്ടത്. മറിച്ച്, ജനങ്ങളിൽ നിന്ന് ക്രിസ്തുവിനെ കൊണ്ട് വരികയാണ് വേണ്ടത്..." ഫുൾട്ടൻ ജെ. ഷീൻ*

ചുരുക്കത്തിൽ അർത്ഥമാക്കുന്നു. മുതിർന്നവർ പറയുന്നതു പോലെ, "ഒരു ഇറക്കത്തിന് ഒരു കയറ്റമുള്ളതു പോലെ ഒരു കയറ്റത്തിന് ഒരു ഇറക്കവുമുണ്ട്."

സഹനവും രക്ഷയും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. സഹനത്തിലൂടെ യാത്രയാകുന്നവർക്ക് മാത്രമാണ് രക്ഷയുടെ മൂല്യം അനുഭവിക്കാൻ സാധിക്കു എന്ന് ചുരുക്കം. വചനത്തിലൂടെ ക്രിസ്തു അടിവരയിട്ട് സംസാരിക്കുന്നു, സ്വർഗ്ഗം സ്വന്തമാക്കൻ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ... സ്വർഗ്ഗം സഹനങ്ങൾക്കുള്ള സമ്മാനമാണെന്ന്. ഏറ്റവും ചുരുങ്ങിയത്, ഒരു ക്രിസ്ത്യാനിയായത് കൊണ്ട് മാത്രം സ്വർഗ്ഗം സ്വന്തമാക്കാമെന്ന് നീ വിചാരിക്കരുത്, മറിച്ച് സഹനങ്ങളുടെ, ഇടുങ്ങിയ കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ യാത്രയായാൽ മാത്രമെ സ്വർഗ്ഗം സ്വന്തമാക്കാൻ സാധിക്കു എന്ന്.

അതുകൊണ്ട് തന്നെ സഹനങ്ങളെ രണ്ട് കൈയും നീട്ടി സ്വീകരിക്കാം. സഹനങ്ങളെല്ലാം സ്വർഗ്ഗത്തിലേയ്ക്കുള്ള കുറുക്ക് വഴികാളാണ് എന്നുള്ള ബോദ്ധ്യത്തിൽ വളരാം. മഹാകവി കുമാരനാശാൻ എഴുതി വയ്ക്കുന്നുണ്ട്,

*"ഉരുക്കിടുന്നു മിഴിനീരിലിട്ടു*
*മുക്കുന്നു മുറ്റും ഭുവനൈകശില്പി*
*മനുഷ്യ ഹൃത്താം കനകത്തേയേതോ*
*പണിത്തരത്തിനുപയുക്തമാക്കാൻ"*

*വാതിൽ അടയ്ക്കും മുമ്പ് കൂട്ടിൽ കയറാത്ത കോഴി കുറുക്കന് ഭക്ഷണമാകും. ദൈവരാജ്യത്തിന്റെ വാതിൽ അടയ്ക്കുന്നതിന് മുമ്പ് കയറാത്തവനും സംഭവിക്കുന്നത് ഇത് തന്നെയാണ്!*

സാധാരണക്കാരൻ കാണുന്ന കരിങ്കല്ലിൽ മനോഹരമായ മാലാഖയെ കാണുന്ന ശിൽപി ആവശ്യത്തിനുള്ള പ്രഹരങ്ങളും തേയ്ക്കലും മിനുസപ്പെടുത്തലും നടത്തുമ്പോൾ മാത്രമാണ് മാലാഖ രൂപപ്പെടുന്നത്... വേദനിക്കാനായി പൊള്ളാനായി നിന്നു കൊടുക്കുമ്പോൾ മാത്രമാണ് കളിമൺ ചെളിക്കട്ട മനോഹരമായ ഭവനങ്ങൾക്ക് ഉറപ്പുള്ള ഇഷ്ടികകളായി മാറ്റപ്പെടുന്നത്... ആറ്റുവക്കത്ത് നിൽക്കുന്ന മുളംതണ്ട് എട്ട് ദ്വാരങ്ങൾക്ക് വേണ്ടി തന്നെ പാകപ്പെടുത്തുമ്പോൾ മാത്രമാണ് അതിൽ നിന്ന് മനോഹരമായ സംഗീതം ഉടലെടുക്കുന്നത്...

അടഞ്ഞ വാതിലിന്റെ ഭീകരതയെ തിരിച്ചറിയണമെങ്കിൽ പരീക്ഷയ്ക്ക് 'റസൾട്ട്' വന്നിട്ട് നല്ല കോളെജിൽ 'അഡ്മിഷൻ' ലഭിക്കാതെ നിൽക്കുന്നവന്റെ ദൈനത നിറഞ്ഞ മുഖത്തേയ്ക്ക് ഒന്നു നോക്കിയാൽ മതി. ഇത് അഡ്മിഷനുകളുടെ കാലമാണ്. ഏറ്റവും നല്ല സ്ക്കൂളിൽ അല്ലെങ്കിൽ കോളെജിൽ മകനെ അല്ലെങ്കിൽ മകളെ ചേർത്ത് ഉന്നത വിജയം ഇത് മാത്രമാണ് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. 'ശരിയായ മാർക്കില്ലെങ്കിലും നല്ല കോളെജ്' ഇത് എല്ലാ മാതാപിതാക്കളുടെയും സ്വപ്നമാണ്. അഡ്മിഷൻ കാലഘട്ടമായാൽ കേളെജിലെ വരിയേക്കാൾ വലിയ വരികളാണ് അച്ചൻമാരുടെ മുറിക്ക് മുമ്പിൽ, മേനേജ്മെന്റ് ക്വാട്ട, കമ്യൂണിറ്റി കോട്ട എന്നൊക്കെ പറഞ്ഞ് റെക്കമെന്റ് ചെയ്യാൻ. എന്നിട്ടും, അഡ്മിഷൻ ലഭിക്കാതെ വരുമ്പോഴുള്ള അവസ്ഥ അത് ഭീകരമാണ്. പ്രവേശനത്തിനുള്ള മാനദണ്ഡം നമ്മുക്കറിയാം. അത് മാർക്ക് തന്നെയാണ്. എന്നിട്ട്, വിദ്യാർത്ഥികൾ പ്രവേശനത്തിന് ചെല്ലുമ്പോൾ കുട്ടിക്ക് ആവശ്യത്തിനുള്ള മാർക്കില്ല... അതുകൊണ്ട് ഞാൻ അറിയില്ല എന്നു പറഞ്ഞ് അഡ്മിഷൻ ഡെസ്ക്കിലുള്ളവർ തിരിച്ചയക്കുമ്പോൾ സംഭവിക്കുന്ന വലിയ ദുരന്തം. ഇതിനേക്കാൾ വലുതായിരിക്കും സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള എട്രൻസ് പരീക്ഷ എഴുതിയിട്ട് ക്രിസ്തുവിന്റെ മാനദണ്ഡമനുസരിച്ച് മൂല്യനിർണയം നടത്തിയിട്ട് പ്രവേശനമില്ല എന്നു പറയുമ്പോഴുള്ള അവസ്ഥ! അവിടെ ക്രിസ്തു പറയുന്നത് ഒന്നു മാത്രമായിരിക്കും; "നിങ്ങൾ എവിടെ നിന്നാണെന്ന് ഞാൻ അറിയുന്നില്ല!" (ലൂക്കാ 13,25).



വലിയ വാതിൽ പേടിപ്പെടുത്തുന്ന വേഗം സമ്മാനിക്കും. എന്നാൽ ഇടുങ്ങിയ വാതിൽ വഴിയിലെ ശരവേഗതയും അപകടസാധ്യതയും ആൾനാശവും കുറയ്ക്കും. അതുകൊണ്ട് തന്നെ "ഇടുങ്ങിയ വാതിൽ" ഉണർത്തുന്ന ചിന്തകൾ വിശുദ്ധിയുടെ പടവുകൾ ചവിട്ടി കയറുന്നതിന് സഹായിക്കും. "ഇടുങ്ങിയ വാതിൽ" ഉണർത്തുന്ന ആദ്യചിന്ത ക്ലേശങ്ങളുടെ നടുവിലൂടെ യാത്ര ചെയ്താണെങ്കിൽ പോലും സത്യത്തിന്

സാക്ഷ്യം വഹിക്കണം എന്നുള്ളത് തന്നെയാണ്. വചനം പ്രഘോഷിക്കുകയും, പ്രഘോഷിച്ച വചനത്തിനനുസരിച്ച് ജീവിക്കുകയും, അതനുസരിച്ച് ജീവിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്ത സി. റാണി മരിയ അമ്പത്തിയൊന്ന് കുത്തുകളേറ്റ് പൈശാചികമായി കൊലചെയ്യപ്പെട്ടു. ഇതാണ് ഇടുങ്ങിയ വാതിൽ! ഈ വാതിൽ ക്ലേശകരമാണ് എന്ന് പറഞ്ഞ് പിൻമാറാൻ സി. റാണി മരിയായ്ക്ക് ഒരു പാട് സാധ്യതകൾ ഉണ്ടായിരുന്നു. അമ്പുകളാൽ വി. സെബസ്ത്യാനോസിന്റെ മേൽ തീഗോളങ്ങൾ തീർത്തപ്പോൾ വിശ്വാസത്തെ ത്യജിച്ചിരുന്നെങ്കിൽ രാജ്യത്തിലെ ഉന്നതസ്ഥാനങ്ങൾ വി.സെബസ്ത്യാനോസിന് ലഭിക്കുമായിരുന്നു. അവിടെയും, വചനത്തിന് സാക്ഷിയായ് ഇടുങ്ങിയ വാതിലാണ് വി.സെബസ്ത്യാനോസ് തിരഞ്ഞെടുത്തത്. കാരണം, അവർക്കുറപ്പായിരുന്നു; "ഇടുങ്ങിയ വാതിൽ ക്ലേശകരമാണെങ്കിലും അത് നിത്യത പ്രാദാനം ചെയ്യുന്നതാണെന്ന്."

രണ്ടാമതായി, ഇടുങ്ങിയ വാതിലിലൂടെ യാത്ര ചെയ്യുന്നവർ വളരെ കുറച്ചാണ്. അതേസമയം, വിശാലമായ വഴിയിലൂടെ യാത്ര ചെയ്യാൻ താത്പര്യപ്പെടുന്നവരാണ് അധികവും. ഇതിന് മറ്റൊരു വശമുണ്ട്; "ഭൂരിപക്ഷത്തിന്റെ കൂട്ട് പിടിക്കാതെ തെറ്റ് തെറ്റാണെന്ന് പറയാനും ഒറ്റയ്ക്കാണെങ്കിലും നന്മ കാണിച്ചു കൊടുക്കാനുമുള്ള ആർജ്ജവത്വം!" പലപ്പോഴും, നാടോടുമ്പോൾ നടുവേ ഓടുന്നവരാണ് നാം. ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ ചേരയുടെ നടുതുണ്ടം തിന്നുന്നവരും. ഇവിടെ, ക്രിസ്തു കാണിച്ച് തരികയാണ്; "ഇടുങ്ങിയ വഴിയിലൂടെ യാത്ര ചെയ്യാൻ അധികം ആരും ഉണ്ടാകണമെന്നില്ല. എങ്കിലും, നിനക്ക് ദൈവരാജ്യം വേണ്ടമെങ്കിൽ നീ തിരഞ്ഞെടുക്കേണ്ട വാതിൽ ഇടുങ്ങിയത് ആയിരിക്കണമെന്ന്." വചനത്തിലേയ്ക്ക് കണ്ണോടിക്കുമ്പോൾ, ദാവിദ് രാജാവ് ഊറിയായുടെ ഭാര്യയുമായ് തെറ്റ് ചെയ്യുന്നു. ജനം ഇത് തിരിച്ചറിയുന്നു. ഒരാളുപ്പോലും രാജാവിനെതിരെ ശബ്ദമുയർത്തുന്നില്ല. രാജാവ് ചെയ്തത് തെറ്റാണെന്ന് ചൂണ്ടികാണിക്കുന്നുമില്ല. അവടെയാണ് നാഥാൻ പ്രവാചകൻ അവതരിക്കുന്നത്. നാഥാൻ പ്രവാചകൻ ഇടിമുഴക്കത്തിന്റെ ശബ്ദത്തിൽ ദാവിദിനെ ഓർമ്മപ്പെടുത്തി, "ഒന്നുമില്ലാതിരുന്നതിൽ നിന്ന് നിന്നെ ഉയർത്തിയ ദൈവത്തിന് മുമ്പിൽ നീ തെറ്റ് ചെയ്തിരിക്കുന്നു. നിന്നോട് ദൈവം ഇതിന് പ്രതികാരം ചോദിക്കും!" ഇത് ആൾക്കൂട്ടത്തിനിടയിലെ ഒറ്റയാൻ ശബ്ദമാണ്. നാഥാൻ പ്രവാചകന് മുമ്പിൽ വിശാലമായ വാതിൽ തുറന്ന് കിടന്നിരുന്നു. പക്ഷെ, നിത്യതയുടെ കാര്യത്തിൽ നാഥാൻപ്രവാചകനും തിരഞ്ഞെടുത്തത് 'ഇടുങ്ങിയ വാതിലാണ്.'

### വാതിൽ ചിന്തകൾ...

1. ഒരുവനോടുള്ള ബന്ധം വിച്ഛേദിക്കുന്നതിന്റെ അടയാളമാണ് അയ്യാളുടെ മുമ്പിൽ കൊട്ടിഅടയ്ക്കപ്പെടുന്ന വാതിൽ. അടയ്ക്കുന്നത് വാതിലാണെങ്കിലും അടയുന്നത് മറ്റെന്തെക്കെയോ ആണ്.

2. ജയിലുകൾ 'തുറന്ന ജയിലുകൾ' എന്ന പുതിയ സങ്കൽപത്തിന് വഴി മാറിയപ്പോൾ മനുഷ്യഹൃദയങ്ങൾ അഞ്ച് സെന്റും വലിയ മതിലും വലിയ ബംഗ്ലാവും എന്നതിലൂടെ സർവ്വരാലും ഒറ്റപ്പെട്ട് ജീവിക്കുന്നവരുടെ നാട്ടിലേയ്ക്ക് കുടിയേറി.

3. പ്രിയപ്പെട്ടവരുടെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ട വാതിൽ എനിക്ക് അവരിലേയ്ക്കുള്ള തുറവി നഷ്ടപെടുത്തുക മാത്രമല്ല ചെയ്തത്. മറിച്ച്, അവർക്ക് എന്നിലേയ്ക്കുള്ള തുറവിയും കൂടിയാണ് ഞാൻ നഷ്ടപ്പെടുത്തിയത്.

4. വൈകിയെത്തുന്നവർക്കു മുന്നിൽ വാതിൽ അടയ്ക്കുന്നത് സുനിശ്ചിതമാണ്. എന്നാൽ, അടഞ്ഞ വാതിലിന്റെ മുന്നിൽ നിൽക്കുമ്പോൾ മാത്രമാണ് നഷ്ടപെടുത്തിയ അവസരങ്ങളുടെയും പുറംതിരിഞ്ഞ് നടന്ന സാധ്യതകളുടെയും വിലയും മഹത്വവും മനസിലാക്കുന്നത്.

**"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ;**

**വിനാശത്തിലേയ്ക്ക് നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്;**

**അതിലൂടെ കടന്ന് പോകുന്നവർ വളരെയാണുതാനും!"**

**മത്താ 7,13**

മോറിയ മലയിലേയ്ക്ക്
ഇസഹാക്കിന്റെ
കൈയും പിടിച്ച്
അബ്രഹം കയറിയത്
ഇടുങ്ങിയ
വാതിലിലൂടെയാണ്.
കാരണം,
തന്റെ സ്വന്തമെന്ന്
കരുതിയവയെ
ദൈവത്തിന് വേണ്ടി
ഉപേക്ഷിക്കുകയാണ്
അവിടെ...

ഫാ. ജോബി മേനോത്ത് : +91 944 7777 931